today Kochi 2015

# വികസനം തപസ്യയാക്കിയ അഞ്ച് വർഷങ്ങൾ



Kochi Municipal Corporation

# കൊച്ചിയുടെ കുതിപ്പിനൊപ്പം സി. എം. എഫ്. ആർ. ഐ.



ഡോ. എ. ഗോപാലകൃഷ്ണൻ
(ഡയറക്ടർ, C.M.F.R.I.)



ഡോ. വിപിൻകുമാർ വി.പി,
പ്രിൻസിപ്പൽ സയന്റിസ്റ്റ്

## സി.എം.എഫ്.ആർ.ഐയുടെ വിഷൻ അഥവാ കാഴ്ചപ്പാട്

ഫലപ്രദമായ കാര്യനിർവ്വഹണത്തിലൂടെ സമുദ്രമത്സ്യബന്ധനമേഖലയുടെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തുക, കൃഷിയിലൂടെ മത്സ്യോത്പാദനം വർദ്ധിപ്പിച്ച് തീരദേശത്തെ ജീവിതനിലവാരം മെച്ചപ്പെടുത്തുക.

## ദൗത്യം

മത്സ്യബന്ധനത്തിലെ തുറസ്സായ സമീപനം വെടി ഞ്ഞ് നിയന്ത്രണ വിധേയമായ ചൂഷണരീതി നടപാക്കാനുത കുന്ന തരത്തിൽ വിവരാടിസ്ഥാനത്തിലുള്ള ഒരു കാര്യനിർവ്വഹണ വ്യവസ്ഥ വികസ ദൗത്യനിർവ്വഹണത്തിനായി സി.എം.എഫ്.ആർ.ഐ ഏറ്റെടുത്തിട്ടുള്ള നിർദ്ദിഷ്ട ചുമതല.... ..........

- സമുദ്രമത്സ്യബന്ധനത്തെയും സമുദ്രമത്സ്യകൃഷിയെയും സംബന്ധിച്ചുള്ള മൗലികവും തന്ത്രപ്രധാനവും പ്രയുക്തവുമായ ഗവേഷണം നടത്തുക.

തനതു സാമ്പത്തിക മേഖലയിൽപ്പെടുന്ന മത്സ്യസമ്പത്ത് നിരീക്ഷണ വിധേയമാക്കുകയും വിലയിരുത്തുക യും പരിസ്ഥിതിക്കും മനുഷ്യന്റെ ചൂഷണത്തിനും വിധേയമായി വരുന്ന അതിന്റെ വ്യതിയാനങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുക.

തീരക്കടലിലും പുറങ്കടലിലുമുള്ള വാണിജ്യപ്രാധാന്യമുള്ള മത്സ്യങ്ങളുടെയും മറ്റു ജീവജാലങ്ങളുടെയും വിത്തുല്പാദന സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കുക യും വാണിജ്യവൽക്കരിക്കുകയും ചെയ്യുക

സമുദ്രജൈവവൈവിദ്ധ്യ സംബന്ധമായ വിവരാടിസ്ഥാനം സ്ഥാപിക്കുക, അസ്ഥിരമായ സമുദ്ര ആവാസ വ്യവസ്ഥകളുടെ പരിപാലനവും പുനരുജ്ജീവനവും ലക്ഷ്യമാക്കിയുള്ള ഗവേഷണം നടത്തുക. പ്രയോജനപ്രദമായേക്കാവുന്ന സമുദ്രജീവികളുടെ ഉപയോഗത്തെ സം ബന്ധിച്ച ഗവേഷണം നടത്തുക.

നയരൂപവൽക്കരണത്തിനുതകുന്നവിധം സമുദ്രമത്സ്യ സമ്പത്തിനെപ്പറ്റി വ്യവസ്ഥാനുസൃതവും അപഗ്രഥനീയവുമായ തരത്തിലുള്ള ഒരു വിവരാടിത്തറയോടുകൂടിയ വിജ്ഞാനകലവറയായി പ്രവർത്തിക്കുക.

സമുദ്രമത്സ്യബന്ധനത്തിന്റെ സാമൂഹ്യ-സാമ്പത്തിക വരവു ചെലവുകളെക്കുറിച്ച് ഗവേഷണം നടത്തുക.

മത്സ്യബന്ധന-മത്സ്യകൃഷിമേഖലകളിലെ ഗവേഷണ-വികസനപ്രവർത്തനങ്ങൾക്കാവശ്യമായ മാനവശേഷി വികസിപ്പിച്ചെടുക്കാനായി മുൻനിര പ്രയോഗ പ്രദർനങ്ങളും പരിശീലനപരിപാടികളും നടത്തുക.
ബോധവൽക്കരണം, പരിശീലനം, വിദഗ്ദ്ധോപദേശം തുടങ്ങിയ സേവനങ്ങൾ നൽകുക.




हर कदम, हर डगर
किसानों का हमसफर
भारतीय कृषि अनुसंधान परिषद
Agresearch with a human touch

## ദൗത്യം

- അനുയോജ്യമായ പരിപാലനരീതികളിലൂടെ സമുദ്രമത്സ്യമേഖലയുടെ സുസ്ഥിരത ഉറപ്പാക്കുക.
- മത്സ്യകൃഷിയിലൂടെയും, മീൻകുഞ്ഞുങ്ങളെ കടലിൽ നിക്ഷേപിക്കുന്നതിലൂടെയും സമുദ്ര മത്സ്യോത്പാദനം വർദ്ധിപ്പിക്കുക.
- സമുദ്രത്തിലെ ദുർബല ആവാസ മേഖലകൾ കണ്ടെത്തി പുനരുജ്ജീവനം സാദ്ധ്യമാക്കുക.
- തീരദേശ ജീവിത നിലവാരപുരോഗതിക്കായി പ്രവർത്തിക്കുക.

ICAR

ഭാരതീയ കാർഷിക ഗവേഷണ സമിതി
കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി
**ICAR-Central Marine Fisheries Research Institute**
(ഡി.എ.ആർ.ഇ., ഭാരത സർക്കാർ)
പോസ്റ്റ് ബോക്സ് നമ്പർ.1603, എറണാകുളം നോർത്ത് പി.ഒ., കൊച്ചി 682 018, കേരളം, ഭാരതം
ഫോൺ : 0484-2394867ഫാക്സ് : 0484-2394909
ഇ മെയിൽ : director@cmfri.org.in വെബ് : www.cmfri.org.in

सी एम एफ आर आइ
CMFRI